FAX.

/5770549/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം-സി.ഡി.എൻ.4/37/23/പൊഭവ
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-06-2023

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - അദാലത്തുകളിൽ തീർപ്പ് കൽപ്പിക്കാതെ കെട്ടികിടന്ന പൊതുജനങ്ങളുടെ പരാതികൾ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- 1) സ.ഉ(സാധ)നം.1219/2023/പൊഭവ തീയതി 16.03.2023
2) 29.03.2023,06.04.2023 ലെ ഈ വകുപ്പിന്റെ ഇതേ നമ്പർ സർക്കുലർ
3) സ.ഉ(സാധ)നം.1941/2023/പൊഭവ തീയതി 29.04.2023
4) സ.ഉ(കൈ)നം.85/2023/പൊഭവ തീയതി 07.06.2023

**********************

മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി താലൂക്ക് ആസ്ഥാനങ്ങളിൽ ബഹു മന്ത്രിമാരുടെ നേതൃത്വത്തിൽ "കരുതലും കൈത്താങ്ങും" എന്ന പേരിൽ പരാതി പരിഹാര അദാലത്ത് നടത്തുകയുണ്ടായി. ആയത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി. എന്നാൽ അദാലത്തിൽ വച്ച് തീർപ്പാക്കിയതും തീർപ്പ് കല്പിക്കാമെന്ന് വാക്കാൽ ഉറപ്പ് നൽകിയതുമായ പരാതികളിന്മേലുള്ള ഉത്തരവുകൾ പരാതിക്കാർക്ക് ലഭിച്ചിട്ടില്ലാത്തതും, സാങ്കേതിക ബുദ്ധിമുട്ടുള്ള ഭൂരിഭാഗം പരാതികളിന്മേലും ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ സംഘടിപ്പിക്കുന്ന ഇത്തരത്തിലുള്ള അദാലത്തുകളിൽ പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന പരാതികൾക്ക് അടിയന്തരപ്രാധാന്യം നൽകി അദാലത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ട് സമയബന്ധിതമായി പരാതികൾ തീർപ്പ് കല്പിക്കേണ്ടതുമാണ്. കൂടാതെ പരാതികൾ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവ്/തീരുമാനം യഥാസമയം പരാതിക്കാരന് ലഭ്യമാക്കേണ്ടതുമാണെന്ന കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

DR V P JOY
CHIEF SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്)), കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
റവന്യൂ വകുപ്പ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പൊതുഭരണ(എസ്.സി)വകുപ്പ്
ഐ.റ്റി വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreekumar T
Date: 21-06-2023 10:34:02
സെക്ഷൻ ഓഫീസർ